പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4136 — 26.06.2013 ന് മറുപടിയ്ക്ക്

ഐ.ടി.ഐ. കളിൽ വെർച്വൽ ക്ലാസ്സ് റൂം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. എ.റ്റി ജോർജ്ജ് :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കമോ ; | (എ) ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ. കളിൽ വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കമോ ; | (ബി) വിവര സാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദഗ്ധ പരിശീലകന്റെ സഹായത്തോടെ ഒരു വർക്ക്ഷോപ്പിലോ ഒരു ക്ലാസ് മുറിയിലോ നൽകുന്ന പരിശീലനം വിവര സാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഐ.ടി.ഐ. കളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കാൻ സാധിക്കുന്നു. ഇതിനോടൊപ്പം ഇൻഡ്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ കാണുന്നതിനും ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടും. കൂടാതെ പരിശീലകന്റെ അഭാവം മൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കുവാനും സാധിക്കും. |
| (സി) ഇതിന് എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത് ; | (സി) ഇതിനായി ആധുനിക വിവര സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. കമ്പ്യൂട്ടർ, സിമട്രിക് ഇന്റർനെറ്റ് കണക്ഷൻ, എൽ.സി.ഡി പ്രൊജക്ടർ, ക്യാമറ, മൈക്ക് എന്നീ ഉപകരണങ്ങൾ ഇതിൽ ഉൾപ്പെടുന്നു. |
| (ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത് ; വിശദമാക്കമോ? | (ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുന്നത്. ബി.എസ്.എൻ.എൽ.ന്റെ സേവനം ഇൻറർനെറ്റ് കണക്ടിവിറ്റിയ്ക്കായി ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ